Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം.കൈറ്റ്/2025/1275(5) തീയതി: 15.09.2025

## സർക്കുലർ

**വിഷയം :- പൊതുവിദ്യാഭ്യാസം - കേരള സ്കൂൾ ശാസ്ത്രോത്സവം - ഐ.ടി. മേള 2025 - സ്കൂൾ, ഉപജില്ല, റവന്യൂതല നടത്തിപ്പ് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന : 1. G.O.(MS) No. 143/2018/പൊ.വി.വ തീയതി 06.10.2018.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12.09.2025 ലെ ഖൈ1/7858/2024/ ഡി.ജി.ഇ. നമ്പർ നടപടി ഉത്തരവ്.

കേരള സ്കൂൾ ശാസ്ത്രോത്സവത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് സൂചനപ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നടത്തുന്ന ഐടി മേള, സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഉപയോഗിക്കുന്ന കൈറ്റ് ഓപ്പറേറ്റിംഗ് സിസ്റ്റം അടിസ്ഥാനമാക്കിയാണ് നടത്തിവരുന്നത്. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി 2025-26 അധ്യയന വർഷം മുതൽ പരിഷ്കരിച്ച കൈറ്റ് ഓപ്പറേറ്റിങ് സിസ്റ്റം അടിസ്ഥാനമാക്കിയുള്ള പഠനമാണ് വിദ്യാലയങ്ങളിൽ നടക്കുന്നത്. ആയതിനാൽ ഈ വർഷം മുതൽ ശാസ്ത്രോത്സവത്തിന്റെ ഭാഗമായ ഐടി മേളയിലെ എല്ലാ മത്സരങ്ങളും കൈറ്റ് ഉബുണ്ടു 22.04 അടിസ്ഥാനമാക്കിയായിരിക്കും. മത്സര നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. മലയാളം ടൈപ്പിംഗ് മത്സരം പുതിയ ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ ഡിഫാൾട്ട് ആയ മലയാളം കീബോർഡ് ലേഔട്ട് (Poorna, Extended Inscript) ഉപയോഗിച്ച് നടത്തേണ്ടതാണ്.
2. മലയാളം ടൈപ്പിംഗ് മത്സരത്തിൽ ചില്ലക്ഷരങ്ങൾ ടൈപ്പ് ചെയ്യുന്നതിന് ആണവചില്ലുകൾ മാത്രം ഉപയോഗിക്കേണ്ടതാണ്.
3. ആനിമേഷൻ വിഭാഗത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള ആപ്ളിക്കേഷനുപുറമേ OpenToonz കൂടി ഉപയോഗിക്കാവുന്നതാണ്. ആനിമേഷൻ മത്സരത്തിന്റെ അന്തിമ ഉൽപ്പന്നം MP4 / AVI ഫോർമാറ്റിലേക്ക് എക്സ്പോർട്ട് ചെയ്ത് സേവ് ചെയ്യാൻ മത്സരാർത്ഥികൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.
4. രചനയും അവതരണവും മത്സരത്തിൽ തയ്യാറാക്കിയിട്ടുള്ള പ്രസന്റേഷൻ അവതരിപ്പിക്കുന്നതിനുള്ള സമയം 5 മിനിറ്റ് ആയിരിക്കും.
5. രചനയും അവതരണവും മത്സരത്തിന്റെ തീം "ശാസ്ത്രവും മാനവികതയും" എന്നതായിരിക്കും
6. വെബ് പേജ് ഡിസൈനിംഗ് മത്സരത്തിന് നൽകുന്ന ഉള്ളടക്കത്തിൽനിന്നും ഉചിതമായവ തിരഞ്ഞെടുത്ത് ആവശ്യമായ മാറ്റംവരുത്തി ഉപയോഗിക്കാവുന്നതാണ്.
7. സ്ക്രാച്ച് പ്രോഗ്രാമിങ് Scratch 3 (TurboWarp) ഉപയോഗിച്ച് നടത്തേണ്ടതാണ്.
8. ഉപജില്ല-ജില്ലാതല ഐടി ക്വിസ് മത്സരങ്ങളുടെ തീയതി ചുവടെ ചേർക്കും പ്രകാരം ആയിരിക്കും. സംസ്ഥാനതലത്തിൽനിന്നും തയ്യാറാക്കി നൽകുന്ന പ്രസന്റേഷൻ മാതൃകയിലുള്ള ചോദ്യം ഉപയോഗിച്ചായിരിക്കണം മത്സരം നടത്തേണ്ടത്. (സ്കൂൾതല മത്സരങ്ങൾക്കുള്ള ചോദ്യം പ്രഥമാധ്യാപകരുടെ നേതൃത്വത്തിൽ SRG യിൽ തയ്യാറാക്കേണ്ടതും 2025 സെപ്റ്റംബർ 20 നകം പൂർത്തീകരിക്കേണ്ടതുമാണ്).

| ഉപജില്ലാ തലം | | |
|---|---|---|
| അപ്പർ പ്രൈമറി വിഭാഗം | 2025 സെപ്റ്റംബർ 23 | രാവിലെ 10 മുതൽ |
| ഹൈസ്കൂൾ വിഭാഗം | | രാവിലെ 11.30 മുതൽ |
| ഹയർസെക്കണ്ടറി വിഭാഗം | | ഉച്ചക്ക് 2 മുതൽ |
| **ജില്ലാതലം** | | |
| ഹൈസ്കൂൾ വിഭാഗം | 2025 സെപ്റ്റംബർ 30 | രാവിലെ 10.30 മുതൽ |
| ഹയർസെക്കണ്ടറി വിഭാഗം | | ഉച്ചക്ക് 2 മുതൽ |

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

പകർപ്പ്:

എല്ലാ ഡി.ഡി.ഇ./ആർ.ഡി.ഡി (എച്ച്.എസ്.ഇ)/എ.ഡി. (വി.എച്ച്.എസ്.ഇ.)മാർക്കും
എല്ലാ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർമാർക്കും
എല്ലാ അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ
ഹയർ സെക്കന്ററി- സ്കൂൾപ്രഥമാധ്യാപകർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
സ്റ്റോക്ക് ഫയൽ